بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 15.01.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

15.01.16 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**അല്ലാഹു വലിയ്യുമാരുടേയും നന്മകളിൽ ഉറച്ചു നില്ക്കുന്നവരുടേയും മക്കളേയും മക്കളുടെ മക്കളേയും സംരക്ഷിക്കുന്നു. അവരെ കടാക്ഷിക്കുന്നു. അവരുടെ മക്കളും തലമുറയും നന്മയിൽ ഉറച്ചു നില്ക്കണമെന്നതാണ് നിബന്ധന. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പ്രത്യേകമായ നിലയിൽ വായിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതിലൂടെ നമ്മുടെ മതപരമായ അറിവ് വർധിക്കുകയും നമുക്ക് തബ്ലീഗ് ചെയ്യാനുള്ള താൽപര്യവുമുണ്ടാകുകയും നമ്മുടെ അറിവിൽ അനുഗ്രഹങ്ങൾ പതിയുകയും ചെയ്യുന്നതാണ്. അങ്ങനെ ലോകത്തെ ഇസ്ലാമിന്റെ കൊടിക്കീഴിൽ കൊണ്ടുവരാൻ നമ്മൾ പ്രാപ്തരായിത്തീരും.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

അല്ലാഹു വലിയ്യുമാരുടേയും നന്മകളിൽ ഉറച്ചു നില്ക്കുന്നവരുടേയും മക്കളേയും മക്കളുടെ മക്കളേയും സംരക്ഷിക്കുന്നു. അവരെ കടാക്ഷിക്കുന്നു. അവരുടെ മക്കളും തലമുറയും നന്മയിൽ ഉറച്ചു നില്ക്കണമെന്നതാണ് നിബന്ധന. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ഇതിന് ഉദാഹരണം പറഞ്ഞുകൊണ്ട് ഹദ്റത്ത് അലി(റ)യെക്കുറിച്ച് പറയുന്നു:'നോക്കുക! നബി(സ)തിരുമേനി തന്റെ നുബുവ്വത്തിന്റെ പ്രാരംഭ കാലത്ത് തന്റെ കുടുബാംഗങ്ങൾക്ക് സത്യസന്ദേശം എത്തിക്കുന്നതിനുവേണ്ടി ഒരു സൽക്കാരം നടത്തി.അവിടന്ന് സന്ദേശം എത്തിച്ചു. അപ്പോൾ മജ്ലിസ് മുഴുവൻ നിശബ്ദതയിലായി. അവരെല്ലാം ഒന്നും പറയാതെ മൗനം പാലിച്ചു. അവസാനം ഹദ്റത്ത് അലി(റ) എഴുന്നേറ്റു നിന്ന് പറഞ്ഞു:'ഞാൻ ഇവിടെ ഇരിക്കുന്നവരിൽ പ്രായത്തിൽ ഏറ്റവും ചെറുതാണെങ്കിലും അങ്ങ് എന്തൊന്നാണോ പറഞ്ഞത് അതിന് അങ്ങയോടൊപ്പം നില്ക്കാൻ തയ്യാറാണ്. എപ്പോഴും അങ്ങയെ സഹായിക്കുമെന്ന് പ്രതിജ്ഞ ചെയ്തുകൊള്ളുന്നു. എന്തായാലും അതിനുശേഷം മക്കയിൽ എതിർപ്പ് മൂർച്ഛിച്ചു. നബി(സ)തിരുമേനിക്ക് ഹിജ്റത്ത് ചെയ്യേണ്ടി വന്നു. ആ നേരത്ത് ഹദ്റത്ത് അലിക്കുതന്നെയാണ് മഹത്തായ ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടിയത്. അതായത് നബി(സ)തിരുമേനി ഹദ്റത്ത് അലിയെ തന്റെ കിടക്കയിൽ കിടത്തി. എന്നിട്ട് ഞാൻ ഇവിടെ കിടപ്പുണ്ടെന്ന് ശത്രുക്കൾ ധരിക്കുന്നതിന് നീ ഇവിടെ കിടക്കുക എന്ന് അലിയോടു പറഞ്ഞു. ആ സമയത്ത് 'യാ, റസൂലല്ലാഹ്! ശത്രുക്കൾ വീട് വളഞ്ഞിരിക്കുകയാണ്, നേരം വെളുക്കുമ്പോൾ ഞാനാണ് കിടക്കുന്നതെന്ന് കാണുമ്പോൾ അവരെന്നെ കൊന്നു കളയും' എന്ന് ഹദ്റത്ത് അലി പറഞ്ഞില്ല. പ്രത്യുത വളരെ സമാധാനത്തോടെ ഹദ്റത്ത് അലി നബി(സ)തിരുമേനിയുടെ കിടക്കയിൽ കയറി കിടന്നു. രാവിലെ നിഷേധികൾക്ക് മനസ്സിലായപ്പോൾ അവർ ഹദ്റത്ത് അലിയെ ഒരുപാട് മർദിച്ചു. പക്ഷേ, ആ സമയംകൊണ്ട് നബി(സ)തിരുമേനി മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്തു കഴിഞ്ഞിരുന്നു. ഹദ്റത്ത് അലിയുടെ ഈ ത്യാഗം പിന്നീട് എത്രമാത്രം പാരിതോഷികങ്ങൾകൊണ്ടാണ് അദ്ദേഹത്തെ അനുഗ്രഹിച്ചത്. അലി ഏതെങ്കിലും ഉപഹാരത്തിനുവേണ്ടിയോ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നതിനുവേണ്ടിയോ വേണ്ടിയല്ല ആ ത്യാഗം ചെയ്തത്. അങ്ങനെ ഒരു ചിന്തയും അദ്ദേഹത്തിനുണ്ടായിരുന്നില്ല. മറിച്ച് നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിലും അനുരക്തിയിലും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും വേണ്ടി മാത്രമാണ് ത്യാഗം ചെയ്തത്. ഈ ത്യാഗത്തിന്റെ പ്രതിഫലമായി എത്രവലിയ ആദരവാണ് അദ്ദേഹത്തിന് ലഭിക്കാൻ പോകുന്നതെന്ന് അല്ലാഹുവിന്നറിയാമായിരുന്നു. അലിയെ മാത്രമല്ല നന്മയിൽനിലകൊള്ളുന്ന അദ്ദേഹത്തിന്റെ മക്കളേയും തലമുറകളേയും അല്ലാഹു ആദരവ് കൊണ്ട് അനുഗ്രഹിക്കുന്നതാണ്. അല്ലാഹു ആദ്യമായി അലിയെ അനുഗ്രഹിച്ചത് നബി(സ)തിരുമേനിയുടെ മരുമകൻ എന്ന സ്ഥാനം നല്കിയാണ്. പിന്നീട് നബി(സ)തിരുമേനി വിവിധ അവസരങ്ങളിൽ ഹദ്റത്ത് അലിയുടെ വിവിധ പ്രവർത്തനങ്ങൾ കാരണത്താൽ അദ്ദേഹത്തെ വളരെ പ്രശംസിച്ചു. ഒരിക്കൽ നബി(സ)തിരുമേനി യുദ്ധത്തിനായി ഏതോ സ്ഥലത്ത് പോകുകയായിരുന്നു. ഹദ്റത്ത് അലിയോട് മദീനയിൽ നില്ക്കാൻ കല്പിച്ചു. ഹദ്റത്ത് അലി പറഞ്ഞു, 'യാ റസൂലല്ലാഹ്! അങ്ങ് എന്നെ സ്ത്രീകളോടും കുട്ടികളോടുമൊപ്പം ആക്കി പോകുകയാണോ?' അവിടന്ന് പറഞ്ഞു:'യാ അലി! ഹാറൂൺ, മൂസായോടുള്ള ബന്ധമാണ് നിനക്ക് ഞാനുമായിട്ടുള്ളത്. നീ ഇത് ഇഷ്ടപ്പെടുന്നില്ലേ?' ഹദ്റത്ത് മൂസാ, ഹാറൂനെ പിന്നിൽ വിട്ടു പോയിരുന്നു. അതുകൊണ്ട് ഹാറൂന്റെ ആദരവിന് ഒരു കുറവും സംഭവിച്ചില്ല. അങ്ങനെ ഹദ്റത്ത് അലി(റ)യുടേയും ആദരവ് അല്ലാഹു അതേ രീതിയിൽ നിലനിർത്തി. പിന്നീട് അദ്ദേഹത്തിൽ മാത്രം നിലനിർത്തിയില്ല, പ്രത്യുത ഇസ്ലാമിൽ എത്രമാത്രം വലിയ്യുമാരും സ്വൂഫീവര്യന്മാരും കഴിഞ്ഞു കടന്നിട്ടുണ്ടോ അവർ ഹദ്റത്ത് അലിയുടെ സന്താനങ്ങളിൽനിന്നുള്ളവർ തന്നെയാണ്. അല്ലെങ്കിൽ ആയിരുന്നു. ആ വലിയ്യുമാർക്കും അല്ലാഹു മുഅ്ജിസാത്തുകളും തന്റെ സഹായങ്ങളും നല്കി.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ട് വിവരിക്കുന്നു: 'ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ഒരു സംഭവം കേട്ടിട്ടുണ്ട്. അതിപ്രകാരമാണ്. ഹാറൂൺ അൽ-റശീദ്, ഇമാം മൂസാ രിളായെ എന്തോ കാരണത്താൽ തടവിലാക്കി. അദ്ദേഹത്തിന്റെ കൈകളും കാലുകളും കയറുകൊണ്ട് കെട്ടി. അക്കാലത്ത് സ്പ്രിംഗ് കൊണ്ടുള്ള മെത്ത ഉണ്ടായിരുന്നില്ല. സാധാരണ പഞ്ഞികൊണ്ടുള്ള മെത്തയാണുണ്ടായിരുന്നത്. ഹാറൂൺ അൽ-റശീദ് തന്റെ കൊട്ടാരത്തിൽ നേർമ

യുള്ള മെത്തയിൽ സുഖമായി ഉറങ്ങുകയായിരുന്നു. നബി(സ) തിരുമേനി വരുന്നതായി അദ്ദേഹം സ്വപ്നം കണ്ടു. ആ മഹാത്മാവിന്റെ മുഖത്ത് ദ്വേഷത്തിന്റെ അടയാളമുണ്ടായിരുന്നു. അവിടന്ന് പറഞ്ഞു: ഹാറൂൺ അൽ-റഷീദേ!താങ്കൾ എന്നെ സ്നേഹിക്കുന്നുവെന്ന് വാദിക്കുന്നു. എന്നാൽ, നിനക്ക് ലജ്ജയില്ലേ! നീ പട്ടുമെത്തയിൽ സുഖകരമായി ഉറങ്ങുന്നു. നമ്മുടെ മകൻ കഠിനമായ ചൂടിൽ കൈയും കാലും ബന്ധിതനായി തടവറയ്ക്കുളളിൽ കഴിയുന്നു.' ഈ ദൃശ്യം കണ്ട് ഹാറൂൺ അൽ-റശീദ് പരിഭ്രമിച്ച് എഴുന്നേറ്റിരുന്നു. തന്റെ കമാന്റർമാരെ ഒപ്പം കൂട്ടി അതേ തടവറയിൽ പോകുകയും തന്റെ കൈകൊണ്ട് ഇമാം രിളാ മൂസായുടെ കൈകളിലേയും കാലുകളിലേയും കെട്ടുകൾ അഴിക്കുകയും ചെയ്തു. അദ്ദേഹം ഹാറൂൺ അൽ-റശീദിനോടു ചോദിച്ചു:'താങ്കൾ എന്റെ കഠിന വിരോധിയായിരുന്നല്ലോ? ഇപ്പോൾ സ്വയം നടന്ന് ഇവിടെ വരാനുള്ള കാര്യമെന്താണ്? ഹാറൂൺ അൽ-റശീദ് താൻ കണ്ട സ്വപ്നം പറഞ്ഞു. ഞാൻ അങ്ങയോടു മാപ്പു ചോദിക്കുന്നുവെന്നും പറഞ്ഞു. യാഥാർഥ്യമെന്തായിരുന്നുവെന്ന് എനിക്കറിയുമായിരുന്നില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: നോക്കുക!അക്കാലവും ഹദ്റത്ത് നബി(സ)തിരുമേനിയുടേയും ഹദ്റത്ത് അലിയുടേയും കാലവും തമ്മിൽ എത്ര ദൂരമാണുള്ളത്. നാം പല രാജാക്കന്മാരുടേയും മക്കളെ കണ്ടിട്ടുണ്ട്, അവർ വാതിലുകൾ തോറും ഉന്തും തള്ളുംകൊണ്ട് നടക്കുന്നത്. മറുഭാഗത്ത് ഹദ്റത്ത് അലി(റ)ന്റെ സന്താന പരമ്പര നോക്കുക! ഇത്രമാത്രം തലമുറകൾ പിന്നിട്ടിട്ടും അല്ലാഹു ഒരു രാജാവിനെ സ്വപ്നത്തിൽ പേടിപ്പിക്കുന്നു.അദ്ദേഹത്തോടു നല്ല നിലയിൽ പെരുമാറാൻ താക്കീതു ചെയ്യുന്നു. ഹദ്റത്ത് അലി(റ)യ്ക്ക് ഈ ബഹുമതിയെക്കുറിച്ച് അറിയാമായിരുന്നെങ്കിൽ, അദ്ദേഹത്തിന് അദൃശ്യജ്ഞാനം ഉണ്ടായിരുന്നെങ്കിൽ വെറും ഈ ബഹുമതിക്കുവേണ്ടി ഇസ്‌ലാം സ്വീകരിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ഈമാൻ കേവലം കച്ചവടമായിരുന്നേനെ. ഏതെങ്കിലും ഉപഹാരത്തിന് ഹേതുകമാകുമായിരുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് ഒരു വലിയ്യെ കുറിച്ച് പ്രതിപാദിച്ചുകൊണ്ട് പറയുന്നു:'അദ്ദേഹം കപ്പലിൽ യാത്ര ചെയ്യുകയായിരുന്നു. കടലിൽ കൊടുങ്കാറ്റടിച്ചു. കപ്പൽ മുങ്ങുന്ന സന്ദർഭമുണ്ടായി. അദ്ദേഹത്തിന്റെ ദുആകൊണ്ട് രക്ഷപ്പെട്ടു. ദുആ ചെയ്യുമ്പോൾ ആ പുണ്യാത്മാവിന് ഇൽഹാമുണ്ടായി: 'നിനക്കുവേണ്ടി ഞാൻ എല്ലാവരേയും രക്ഷിച്ചിരിക്കുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:'നോക്കൂ! ഇക്കാര്യങ്ങൾ കേവലം പറച്ചിലുകൾകൊണ്ട് കരസ്ഥമാകുകയില്ല. അതിന് കഠിനാധ്വാനം ചെയ്യേണ്ടി വരുന്നു. അല്ലാഹുവുമായി ബന്ധംവെക്കേണ്ടി വരുന്നു. പൂർവികരായ മഹാത്മാക്കളുടെ നന്മകൾ ചെയ്തുകൊണ്ടിരിക്കേണ്ടി വരുന്നു. അതുകൊണ്ട് സാത്വികരായ ആളുകളുടെ മക്കളാകുന്നതും വലിയ്യുമാരുടെ മക്കളാകുന്നതും പുണ്യാത്മാക്കളുടെ മക്കളാകുന്നതും പ്രയോജനപ്പെടുന്നത് തന്നത്താൻ മനുഷ്യൻ നന്മകളിൽ നിലകൊള്ളുമ്പോഴും അല്ലാഹുവുമായിട്ടുള്ള ബന്ധം നിലനിറുത്തുമ്പോഴുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ചിട്ടുള്ള മറ്റു ചില കാര്യങ്ങളും നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നമസ്കാരത്തിലുള്ള കൃത്യനിഷ്ഠയെ കുറിച്ച് പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നമസ്കാരം എത്രമാത്രം പ്രിയങ്കരമായിരുന്നുവെന്ന് വെച്ചാൽ, രോഗം തുടങ്ങിയ കാരണത്താൽ മസ്ജിദിൽ എത്താൻ കഴിയാതെ വീട്ടിൽത്തന്നെ നമസ്കരിക്കേണ്ടി വരുമ്പോൾ ഭാര്യയേയും വീട്ടിലെ കുട്ടികളേയും ഒപ്പംകൂട്ടി ജമാഅത്തായി നമസ്കരിക്കുമായിരുന്നു. കേവലം നമസ്കരിക്കുക മാത്രമായിരുന്നില്ല മറിച്ച് ജമാഅത്തായി നമസ്കരിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം ഒരു അവസരത്തിൽ ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറയുന്നു:'എല്ലാ മനുഷ്യരേയും ഒരൊറ്റ ആത്മാവുപോലെ ആക്കിത്തീർക്കുക എന്നതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. അതിന്റെ പേര് 'വഹ്ദത്തെ ജംഹൂരി'(ജനാധിപത്യപരമായ ഐക്യം) എന്നാണ്.' അവിടന്ന് പറഞ്ഞു:'മതം കൊണ്ടുള്ള ഉദ്ദേശ്യം തസ്ബീഹ് മാലയിലെ മുത്തുകൾപോലെ ജനാധിപത്യപരമായ ഐക്യത്തിന്റെ ഒരു ചരടിൽ എല്ലാവരേയും കോർത്തിണക്കുക. മതം എന്നു പറയുന്നത് എല്ലാവരേയും ഒരുമിപ്പിച്ച് ഒന്നാക്കുക എന്നതാണ്.' പറഞ്ഞു:'ഈ സംഘംചേർന്നുള്ള നമസ്കാരങ്ങളും ആ ഐക്യത്തിനുവേണ്ടിയാണ്; എല്ലാ നമസ്കാരക്കാരേയും ഏക അസ്തിത്വമായി ഗണിക്കുന്നതിനുവേണ്ടി. പരസ്പരം ചേർന്നുനില്ക്കാനുള്ള കല്പന എന്തിനാണെന്നുച്ചാൽ ആരുടെ കൈയിലാണോ കൂടുതൽ പ്രകാശമുള്ളത് അത് മറ്റു ബലഹീനരിൽ പ്രവഹിച്ച് അവർക്ക് ശക്തി പകരുന്നതിനാണ്. അതായത് നമസ്കാരക്കാർ ഒരാൾ മറ്റെ ആളിൽനിന്ന് ശക്തി സംഭരിക്കുക.' പറഞ്ഞു:"ഈ 'വഹ്ദത്തെ ജംഹൂരി'(ജനാധിപത്യപരമായ ഐക്യം)യെ ഉണ്ടാക്കുന്നതിനും നിലനിറുത്തുന്നതിനുമുള്ള തുടക്കം അല്ലാഹു ഇങ്ങനെയാണ് ചെയ്തിരിക്കുന്നത്. അതായത് ഒന്നാമതായി അല്ലാഹു കല്പിച്ചത് സൽസ്വഭാവത്തിന്റെ മാറ്റം പരസ്പരം ഉണ്ടാകുന്നതിനുവേണ്ടി എല്ലാ ഓരോ മഹല്ലുകാരും അഞ്ചുനേര നമസ്കാരം മഹല്ലിലെ മസ്ജിദിൽ ജമാഅത്തായി നമസ്കരിക്കുക എന്നാണ്. പ്രകാശങ്ങൾ ഒത്തുചേർന്ന് ബലഹീനതകൾ അകറ്റുക. പരസ്പരം പരിചയപ്പെട്ട് സ്നേഹമുണ്ടാകുക.' പറഞ്ഞു:'പരിചയപ്പെടൽ വളരെ നല്ല കാര്യമാണ്. കാരണം അതുമുഖേന ഐക്യത്തിന്റെ അടിത്തറയായ സ്നേഹം വർധിക്കുന്നു.

ജമാഅത്തായിട്ടുള്ള നമസ്കാരത്തിന് വ്യക്തിപരമായ നേട്ടം ഉണ്ടാകുന്നതുപോലെതന്നെ ജമാഅത്തുപരമായ നേട്ടങ്ങളുമുണ്ട്. **നമസ്കരിക്കാൻ മസ്ജിദിൽ വരാത്തവർക്കും വന്നിട്ടും പരസ്പരമുള്ള വൈരാഗ്യങ്ങളും മറ്റും അകറ്റി സ്നേഹവും ബന്ധവും ഉണ്ടാക്കാത്തവർക്കും നമസ്കാരം ഒരു ഗുണവും ചെയ്യുകയില്ല.** കാരണം നമസ്കാരത്തിന്റെ ഉദ്ദേശ്യമായ ആരാധനയ്ക്കു പുറമെ ഐക്യമുണ്ടാകുക,പരസ്പരം സ്നേഹവും മൈത്രിയും ഉണ്ടാകുക എന്നത് കരസ്ഥമാകുകയില്ല.

നമ്മൾ ഒന്നായിക്കൊണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകാര്യമായ നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നവരാകുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകുന്നതിനും ഈ വിചാരത്തോടുകൂടി നമുക്ക് നമ്മുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കേണ്ടതാണ്. ഈ വിചാരത്തോടുകൂടി മസ്ജിദിൽ വരേണ്ടതാണ്.

നമസ്കാരം പാഴായിപ്പോയ ഹദ്റത്ത് അമീർ മുആവിയുടെ ഒരു സംഭവമുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)കേൾപ്പിക്കാറുണ്ടായിരുന്നു. ഒരു പ്രാവശ്യം സുബ്ഹിയുടെ നേരത്ത് ഹദ്റത്ത് മുആവിയായുടെ കണ്ണുകൾ തുറന്നില്ല.

തുറന്നപ്പോൾ കണ്ടത് നമസ്കാര സമയം കഴിഞ്ഞതാണ്. അതിനാൽ അദ്ദേഹം പകൽ മുഴുവൻ കരഞ്ഞുകൊണ്ടിരുന്നു. രണ്ടാമത്തെ ദിവസം അദ്ദേഹം സ്വപ്നം കണ്ടു. ഒരാൾ വന്നു. നമസ്കാത്തിനായി ഉണർത്തി. നീ ആരാണെന്ന് അദ്ദേഹം ചോദിച്ചു. താൻ ശയ്ത്വാനാണെന്ന് അയാൾ പറഞ്ഞു. നിന്നെ നമസ്കാരത്തിനു ഉണർത്താൻ വന്നതാണ്. നീയും നമസ്കാരത്തിനായി ഉണർത്തലുമായിട്ട് എന്തു ബന്ധമാണെന്ന് അദ്ദേഹം ചോദിച്ചു. അയാൾ പറഞ്ഞു: ഇന്നലെ ഉറങ്ങാൻവേണ്ടി നിന്നെ ഞാൻ പ്രേരിപ്പിച്ചു. നീ ഉറങ്ങിക്കൊണ്ടേയിരുന്നു. നമസ്കരിക്കാൻ നിനക്ക് കഴിഞ്ഞില്ല. അതിനാൽ നീ പകൽ മുഴുവൻ കരഞ്ഞുകൊണ്ടിരുന്നു. ചിന്താകുലനായിക്കൊണ്ടിരുന്നു. നിനക്ക് ജമാഅത്തായിട്ടുള്ള നമസ്കാരത്തിനുള്ളതിനെക്കാൾ പലഇരട്ടി പ്രതിഫലം നല്കാൻ അല്ലാഹു പറഞ്ഞു. അതായത് ആ കരഞ്ഞ കാരണത്താൽ അല്ലാഹു പല ഇരിട്ടി പ്രതിഫലം നല്കാൻ മലക്കുകൾക്ക് കല്പന നല്കി. നമസ്ക്കാരത്തിൽനിന്ന് നിന്നെ തടഞ്ഞതുകൊണ്ട് നിനക്ക് കൂടുതൽ പ്രതിഫലം കിട്ടിയതിൽ എനിക്ക് വലിയ വിഷമമുണ്ടായി. അതുകൊണ്ട് ഇന്നും നീ കൂടുതൽ പ്രതിഫലം പറ്റണ്ട എന്ന വിചാരത്തോടെയാണ് നിന്നെ ഉണർത്താൻ ഞാൻ വന്നത്. അവിടന്ന് പറയുന്നു:'ശയ്ത്വാൻ പറയുന്നത് ലംഘിക്കുമ്പോഴാണ് മനുഷ്യന്റെ പിന്നിൽനിന്ന് അവൻ ഒഴിവാകുന്നത്. അവൻ നിരാശനാകുകയും പൊയ്ക്കളയുകയും ചെയ്യുന്നു. നമ്മളും എപ്പോഴും ശയ്ത്വാനെ നിരാശനാക്കി വിടേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി കഴിയുന്നത്ര പരിശ്രമിക്കുകയും അവന്റെ കല്പനകൾ അനുസരിച്ച് നടക്കാൻ ശ്രമിക്കുകയും ചെയ്യുക. സ്വന്തം നമസ്കാരങ്ങൾ കാത്തുസൂക്ഷിക്കുയും കൃത്യസമയത്ത് അനുഷ്ഠിക്കാൻ ശ്രമിക്കുകയും ചെയ്യുക.

ചിലപ്പോൾ ചിലയാളുകൾ തിടുക്കത്തോടെ പ്രവർത്തിക്കാറുണ്ട്. ഒരു കാര്യത്തിന്റെ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലാതെ സ്വന്തം അഭിപ്രായം സ്ഥാപിക്കുന്നു. ബലഹീന സ്വഭാവക്കാർ അക്കാരണത്താൽ വഞ്ചിക്കപ്പെടുകയും ചെയ്യുന്നു. ഒരുസംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു:'ഒരു സൽക്കാരത്തിൽ ഞാൻ ഒരാളെ ഇടതുകൈകൊണ്ട് വെള്ളം കുടിക്കുന്നത് തടഞ്ഞു. ഇടതുകൈകൊണ്ട് വെള്ളം കുടിക്കുകയായിരുന്നു. അനുവദനീയമായ കാര്യമൊന്നുമില്ലെങ്കിൽ വലതുകൈകൊണ്ടുതന്നെ വെള്ളം കുടിക്കണമെന്ന് പറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു:'ഹദ്റത്ത് സാഹിബ് അതായത് ഹദ്റത്ത് മസീഹ് മൗഊദും(അ) ഇടതുകൈകൊണ്ട് വെള്ളം കുടിക്കാറുണ്ടായിരുന്നു.' വാസ്തവത്തിൽ ഹദ്റത്ത് സാഹിബ് അങ്ങനെ ചെയ്യാൻ ഒരു കാരണമുണ്ടായിരുന്നു. അദ്ദേഹം ചെറുപ്പത്തിൽ വീണിരുന്നു. അങ്ങനെ കൈയ്ക്ക് പരിക്കുപറ്റി. എത്രമാത്രം ബലഹീനമായെന്നാൽ ഗ്ലാസ്സ് ഉയർത്താൻ കഴിയുമായിരുന്നു, പക്ഷേ, വായവരെ ഉയർത്താൻ കഴിയുമായിരുന്നില്ല. എന്നാൽ, ഇടതുകൈകൊണ്ട് പിടിക്കുമായിരുന്നെങ്കിലും സുന്നത്ത് പാലിക്കുന്നതിനുവേണ്ടി വലതുകൈ താഴെ താങ്ങായി കൊടുക്കുമായിരുന്നു. എന്തായാലും ഈ തിടുക്കംതന്നെയാണ് തെറ്റായിട്ടുള്ള ബിദ്അത്തുകൾ ഉണ്ടാക്കുന്നത്. സ്വയം തെറ്റായ വ്യാഖ്യാനം നല്കി മനുഷ്യൻ സ്വയം തെറ്റായഫലങ്ങൾ കണ്ടുപിടിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് കേട്ട സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിക്കുന്നു. പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ഒരു കാര്യം ഞാൻ പലവട്ടം കേട്ടിട്ടുള്ളതാണ്. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട തുർക്കി സുൽത്വാൻ അബ്ദുൽ ഹമീദ് ഖാനെ കുറിച്ച് അവിടന്ന് പറയുന്നു:'സുൽത്വാൻ അബ്ദുൽ ഹമീദ് ഖാന്റെ ഒരു കാര്യം എനിക്ക് വളരെ ഇഷ്ടമാണ്. യൂനാനിൽ(ഗ്രീസ്)നിന്ന് യുദ്ധത്തിന്റെ പ്രശ്നം ഉയർന്നപ്പോൾ ഈ സുൽത്വാന്റെ മന്ത്രിമാർ ഒരുപാട് ഒഴികഴിവുകൾ പറഞ്ഞു. അവസാനം അവർ പറഞ്ഞു, 'യുദ്ധംചെയ്യാൻ ഇക്കാര്യവും തയ്യാറായിട്ടുണ്ട്, അക്കാര്യവും തയ്യാറായിട്ടുണ്ട്. പക്ഷേ, ഏറ്റവും സുപ്രധാനമായ കാര്യത്തെ കുറിച്ച് പറഞ്ഞുകൊണ്ട് പറഞ്ഞു, അതുമാത്രം തയ്യാറായിട്ടില്ല.'അതാണെങ്കിൽ യുദ്ധത്തിനു അനിവാര്യവുമാണ്. മന്ത്രിമാർ തങ്ങളുടെ അഭിപ്രായങ്ങൾ സമർപിച്ചപ്പോൾ, ഇന്ന കാര്യം ഏർപാടുചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുള്ള പ്രയാസങ്ങൾ പറഞ്ഞപ്പോൾ സുൽത്വാൻ അബ്ദുൽ ഹമീദ് ഖാൻ മറുപടി നല്കി: 'ഏതെങ്കിലും ഒരു കോളം അല്ലാഹുവിനുവേണ്ടിയും വിടേണ്ടതാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ), സുൽത്വാൻ അബ്ദുൽ ഹമീദ് ഖാന്റെ ഈ വാക്യം നല്ലവണ്ണം ആസ്വദിച്ചിരുന്നു. തനിക്ക് സുൽത്വാന്റെ ഈ വാക്യം വളരെ ഇഷ്ടപ്പെട്ടതാണെന്ന് പറയാറുണ്ടായിരുന്നു. അതിനാൽ മുഅ്മിൻ തന്റെ പരിശ്രമങ്ങളുടെ കോളങ്ങളിൽ ഒരു കോളം അല്ലാഹുവിനുവേണ്ടിയും വിടേണ്ടത് നിർബന്ധമാണ്. വികസ്വര രാജ്യങ്ങളിലെ ജനതകൾ ദൈവത്തിൽനിന്ന് അകന്നുപോയതുകൊണ്ട് ഒരുപക്ഷേ, അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണോ എന്നും മുസ്‌ലീംകൾ മതം കാരണത്താൽ അധഃപതിച്ചുകൊണ്ടിരിക്കുകയാണോ എന്നുമുള്ള ചോദ്യം യുവാക്കളുടെ മനസ്സുകളിൽ ഉണ്ടാകുന്നു. യഥാർഥത്തിൽ മുസ്‌ലീംകൾ തങ്ങളുടെ കഴിവുകേടും തവക്കുലിനെക്കുറിച്ചുള്ള തെറ്റായ ഭാവനയും കൊണ്ടാണ് തങ്ങളുടെ ബഹുമാന്യത കളഞ്ഞു കുളിച്ചിട്ടുള്ളത്. ദൗർബല്യങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നത്. എവിടെയെങ്കിലും എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ ത്തന്നെ അവിടേയും അവരുടെ തികച്ചും തെറ്റായ approach ആണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'വിശുദ്ധ ഖുർആനിലെ വചനമാണ് **വഫിസ്സമാഇ രിസ്ഖുക്കും വമാ തൂഅദൂൻ** ആകാശത്തിൽ നിങ്ങളുടെ ഉപജീവനമാർഗമുണ്ട്. നിങ്ങളോടു വാഗ്ദത്തം ചെയ്യപ്പെടുന്നതുമുണ്ട്.(22:23)

പറഞ്ഞു:'ഇതുമുഖേന അജ്ഞൻ വഞ്ചിക്കപ്പെടുന്നു. കാര്യസിദ്ധിക്കുള്ള വഴികൾ സ്വീകരിക്കുന്നതിനെ അസാധുവാക്കുന്നു. ആകാശത്തിൽ നിങ്ങളുടെ ഉപജീവനമാർഗമുണ്ടെന്നും നിങ്ങളോടു വാഗ്ദത്തം ചെയ്യപ്പെടുന്നതുമുണ്ടെന്നും അല്ലാഹു പറയുമ്പോൾ തങ്ങൾക്ക് പണിയെടുക്കേണ്ട ആവശ്യമില്ലെന്നും അവൻതന്നെ എല്ലാം അയച്ചുതരുമെന്നുമാണ് മുസ്‌ലീംകൾ മനസ്സിലാക്കുന്നത്. പറഞ്ഞു: അല്ലാഹു സൂറ ജുമുഅയിൽ പറയുന്നു, **ഫൻതശിറൂ ഫിൽഅർളി വബ്തഗൂ മിൻ ഫളിലില്ലാഹ്** നമസ്കാരം നിർവഹിച്ചു കഴിഞ്ഞാൽ നിങ്ങൾ ഭൂമിയിൽ പിരിഞ്ഞുപോകുകയും അല്ലാഹുവിന്റെ അനുഗ്രഹത്തിൽനിന്ന് അന്വേഷിക്കുകയും ചെയ്തുകൊള്ളുക(62:11) അല്ലാഹുവിന്റെ അനുഗ്രഹമെന്നു പറയുന്നത് അന്വേഷിക്കുക. അധ്വാനിക്കുക, സ്വന്തം കഴിവുകൾ ഉപയോഗിക്കുക എന്നതാണ്.

പറഞ്ഞു: ചിലയാളുകളുണ്ട്. അവർ കാര്യസിദ്ധിക്കുള്ള മാർഗങ്ങളെ പൂജിക്കുന്നവരാണ്. അല്ലാഹു നല്കിയിട്ടുള്ള കഴിവുകളെ പാഴായി കരുതാൻ തുടങ്ങുന്നു.പറഞ്ഞു: നബി(സ)തിരുമേനി യുദ്ധത്തിനുപോകുമ്പോൾ എല്ലാവിധ തയ്യാറെടുപ്പുകളും നടത്തുമായിരുന്നു. കുതിരകളും ആയുധങ്ങളും ഒപ്പം കൊണ്ടുപോകുമായിരുന്നു. എന്നല്ല ചിലപ്പോൾ രണ്ടു പടച്ചട്ടകൾ ധരിക്കുമായി

രുന്നു. വാളും പുറത്ത് തൂക്കിയിട്ടിരുന്നു. **അല്ലാഹു യഅ്സിമുക്ക മിനന്നാസ്** (അല്ലാഹു നിന്നെ ശത്രുക്കളിൽനിന്ന് രക്ഷിക്കും) എന്ന അല്ലാഹുവിന്റെ വാഗ്ദാനം ഉണ്ടായിരിക്കെയാണിത്. അതുകൊണ്ട് ചെയ്യാവുന്നതൊക്കെ ചെയ്തിട്ട് പിന്നീട് തവക്കുൽ ചെയ്യേണ്ടതാണ്. ഇപ്രകാരംതന്നെ എല്ലാ കാര്യങ്ങളിലും അധ്വാനിച്ചതിനുശേഷം തവക്കുൽ ചെയ്യാനാണ് കല്പന. ഇതുകൂടാതെ അല്ലാഹുവിന്റെ സഹായം ഉണ്ടാകുകയില്ല.

രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമെന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഒരു ഇൽഹാമാണ്. ഇതിന് വളരെ മനോഹരമായൊരു വ്യാഖ്യാനം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നല്കിയിട്ടുള്ളത് ഞാൻ വിശദീകരിക്കുകയാണ്. രാജാക്കന്മാർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുന്ന കാലം വരുമ്പോൾ ആ മഹാത്മാവിന്റെ സ്വഹാബാക്കളിൽനിന്നും താബിഈംകളിൽനിന്നും തബഅ താബിഈംകളിൽനിന്നും അവരുടെ ദർജകൾ അനുസരിച്ച് നിങ്ങളും അനുഗ്രഹം കരസ്ഥമാക്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ സന്തോഷിക്കുന്നതോടൊപ്പം ഇസ്തിഗ്ഫാറും ചെയ്തുകൊണ്ടിരിക്കുക. നിങ്ങൾക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും ദുആകൾ ചെയ്യുക.(ഇത് വളരെ അത്യാവശ്യ കാര്യമാണ്. ഇന്ന് നമ്മൾ സമാധാനത്തെ കുറിച്ച് സംസാരിക്കുന്നു. ശാന്തിയെ കുറിച്ച് സംസാരിക്കുന്നു. സവർവവും കിട്ടുമ്പോൾ, രാജാവ് അഹ്മദീ മുസ്‌ലിം ആകുമ്പോൾ, അനുഗ്രഹം കരസ്ഥമാക്കാൻ ശ്രമിക്കുമ്പോൾ, നമ്മുടെ ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം പ്രചരിക്കേണ്ടതാണ്;അപ്പോൾ സ്നേഹവും അനുരക്തിയും പ്രചരിക്കേണ്ടതാണ്. ഇല്ലെങ്കിൽ നമ്മൾ ഇന്നു പറയുന്നത് നിർബന്ധിതരായിക്കൊണ്ടായിരിക്കും).പറഞ്ഞു: 'രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടും എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഇൽഹാം പുലരുന്ന കാലം വിദൂരമല്ല.

പക്ഷേ, അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുന്നത്, നിങ്ങൾ ആ മഹാത്മാവിന്റെ ഗ്രന്ഥങ്ങളിൽനിന്ന് അനുഗ്രഹം തേടാൻ തുടങ്ങുമ്പോഴാണ്. നിങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽനിന്ന് അനുഗ്രഹം തേടാൻ തുടങ്ങുമ്പോൾ അല്ലാഹു നിങ്ങളുടെ വസ്ത്രങ്ങളിൽനിന്ന് അവർ അനുഗ്രഹം തേടുന്നതിനുള്ള അവസരം ഒരുക്കുന്നതാണ്. തബ്ലീഗ് നടക്കുന്നതാണ്. വ്യാപിക്കുന്നതാണ്. രാജാധിപത്യം വരും അപ്പോൾ അവർ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. (പിന്നീട് ഹുദൂർ തബർറുക്കാത്ത് സുരക്ഷിതമാക്കി വെക്കുന്നതിനെ സംബന്ധിച്ച് മാർഗദർശനം നല്കി).

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ എങ്ങനെയായിരുന്നു ആദ്യകാലങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതിനെ സംബന്ധിച്ച് വിവരിക്കാം. ഹദ്റത്ത് മസീഹ് മൗഊദ്(അ)കാതിബുമാരുടെ ഹാവഭാവങ്ങൾ സഹിച്ചിരുന്നു. ഗ്രന്ഥങ്ങളുടെ നിലവാരം ഉയർന്ന നിലയിലാക്കാൻ ശ്രമിച്ചിരുന്നു. ഏതെങ്കിലും നിസാരനായ എഴുത്തുകാരനെക്കൊണ്ട് കതാബത്ത് നടത്തി ഗ്രന്ഥം മോശമാക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. അങ്ങനെയാകുമ്പോൾ ഗ്രന്ഥത്തിന്റെ നിലവാരം ഇടിഞ്ഞുപോകും. ഇതിൽനിന്ന് അന്യരുടെ മുമ്പിലും ഇസ്‌ലാമിന്റെ പ്രതിരോധവും അതിന്റെ സൗന്ദര്യവും കഴിയുന്നിടത്തോളം നല്ല നിലയിൽ സമർപിക്കണമെന്ന വിചാരമായിരുന്നുവെന്ന് അറിയാൻ കഴിയുന്നുണ്ട്. സ്വന്തം ആളുകളുടെ അറിവിലും വർധന ഉണ്ടാക്കുന്നതിനുവേണ്ടി നല്ല രൂപത്തിൽ ഇസ്‌ലാമികാധ്യാപനങ്ങൾ മുന്നിൽ വരേണ്ടതുണ്ടായിരുന്നു.

അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പ്രത്യേകമായ നിലയിൽ വായിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. അതിലൂടെ നമ്മുടെ മതപരമായ അറിവ് വർധിക്കുകയും നമുക്ക് തബ്ലീഗ് ചെയ്യാനുള്ള താൽപര്യവുമുണ്ടാകുകയും നമ്മുടെ അറിവിൽ അനുഗ്രഹങ്ങൾ പതിയുകയും ചെയ്യുന്നതാണ്. അങ്ങനെ ലോകത്തെ ഇസ്‌ലാമിന്റെ കൊടിക്കീഴിൽ കൊണ്ടുവരാൻ നമ്മൾ പ്രാപ്തരായിത്തീരും. യുവാക്കളും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതുണ്ട്. അപ്പോഴാണ് രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടുമെന്ന ഇൽഹാമിന്റെ ശരിയായ യാഥാർഥ്യം പ്രകടമാകുന്നത്. അതിന്റെ ഗ്രാഹ്യവും നമുക്കുണ്ടാകുന്നതാണ്. നമുക്ക് പ്രബോധനത്തിന്റെ ഉന്നത നിലവാരം ഉണ്ടാക്കാൻ കഴിയും. അല്ലാഹു ഇക്കാര്യം മനസ്സിലാക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

ജുമുഅ നമസ്കാരത്തിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് ചൗദരീ അബ്ദുൽ അസീസ് ഡോഗർ സാഹിബ് റബ്വ, ഗുലാം സർവർ ബട്ട് സാഹിബിന്റെ ഭാര്യ ഇഖ്ബാൽ നസീം അല്മത്ത് ബട്ട് സാഹിബ, ഖുറയ്ശീ മുഹമ്മദ് ശഫീഅ് ആബിദ് സാഹിബ് ദർവേശ് ഖാദിയാന്റെ ഭാര്യ സിദ്ദീഖ സാഹിബ എന്നിവരെ സ്മരിക്കുകയും അവരുടെ സേവനങ്ങൾ വിശദീകരിക്കുകയും ചെയ്തു. ജനാസ നമസ്കരിക്കുന്നതാണെന്ന് വിളംബരം ചെയ്തു.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 15.01.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala